പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 631 19-03-2013-ൽ മറുപടിക്ക്

## കുട്ടികൾക്ക് വേണ്ടിയുള്ള നിയമസഹായം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പാലോട് രവി<br>,, വി.റ്റി.ബൽറാം<br>,, വർക്കല കഹാർ<br>,, എ.റ്റി.ജോർജ് | ശ്രീ.കെ.എം.മാണി<br>(ബഹു.ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |

| | | |
| --- | --- | --- |
| (എ) | കുട്ടികൾക്ക് വേണ്ടിയുള്ള നിയമ സഹായം ത്വരിതപ്പെടുത്തുന്നതിനുള്ള പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ; | ഉണ്ട്. 1987-ലെ ലീഗൽ സർവ്വീസസ് അതോറിറ്റീസ് ആക്ട് വകുപ്പ് 12 (സി) പ്രകാരം കുട്ടികൾ സൗജന്യ നിയമ സഹായത്തിന് അർഹതയുള്ള വിഭാഗമാണ്.<br>കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റിയും അനുബന്ധ സ്ഥാപനങ്ങളായ ഹൈക്കോർട്ട് ലീഗൽ സർവ്വീസസ് കമ്മിറ്റി, ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികൾ, താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റികൾ മുതലായ ലീഗൽ സർവ്വീസസ് സ്ഥാപനങ്ങളും കാലകാലങ്ങളായി കുട്ടികൾക്ക് നിയമ പരിരക്ഷയും സൗജന്യ നിയമ സഹായവും നൽകി വരുന്നു. കുട്ടികൾക്കുള്ള നിയമ സഹായ പദ്ധതി ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി ബഹു.സുപ്രീം കോടതിയുടെ നിർദ്ദേശ പ്രകാരം കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റി |

| | | |
|---|---|---|
| | | പോലീസ് സ്റ്റേഷനുകളിലെ ജുവനൈൽ വെൽഫെയർ ഓഫീസർമാർക്കായി പ്രത്യേക പരിശീലന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.<br><br>ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി കുട്ടികൾക്ക് നിയമ സഹായം നൽകുന്നതിനായി അഭിഭാഷകരുടെ പ്രത്യേക പാനൽ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത അഭിഭാഷകർക്ക് ജുവനൈൽ ജുറിസ് പ്രൂഡൻസ്, ചൈൽഡ് സൈക്കോളജി ആന്റ് ബിഹേവിയറൽ സയൻസ് എന്നീ വിഷയങ്ങളിൽ പ്രത്യേക പരിശീലനവും നൽകി വരുന്നു. ബഹു.സുപ്രീം കോടതിയുടെ നിർ ദ്ദേശ പ്രകാരം സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റി 2000-ലെ ജുവനൈൽ ജസ്റ്റിസ് (കെയർ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) ആക്റ്റ് (2000-ലെ 56-ാം നമ്പർ കേന്ദ്ര ആക്റ്റ്) പ്രകാരം സംസ്ഥാനത്തെ കുട്ടികൾക്കു വേണ്ടിയുള്ള പ്രത്യേക മന്ദിരങ്ങളുടെ പ്രവർത്തനം വിലയിരുത്തി വരുന്നു.<br><br>ഇതിനു പുറമെ സംസ്ഥാനത്തെ ഓരോ ജില്ലയിലും ശിശു സംരക്ഷണ സമിതികളും ജുവനൈൽ ജസ്റ്റിസ് ബോർഡുകളും പ്രവർത്തിച്ചു വരുന്നു. 2005-ലെ ബാലാവകാശങ്ങൾ സംരക്ഷി |

| | | |
|---|---|---|
| | | ക്കുന്നതിനു വേണ്ടിയുള്ള കമ്മീഷനുകൾ ആക്റ്റിൻ കീഴിൽ (2006-ലെ 4-ാം കേന്ദ്ര ആക്റ്റ്) 2012-ൽ കേരള സ്റ്റേറ്റ് കമ്മീഷൻ ഫോർ പ്രൊട്ടക്ഷൻ ഓഫ് ചൈൽഡ് റൈറ്റ്സ് റൂൾസ് ഉണ്ടാക്കുകയും കുട്ടികളുടെ അവകാശ സംരക്ഷണത്തിനായി സംസ്ഥാനത്ത് ഒരു ബാലാവകാശ കമ്മീഷൻ രൂപീകരിക്കുന്നതിനുള്ള നടപടികൾ ത്വരിത ഗതിയിൽ പുരോഗമിക്കുകയും ചെയ്യുന്നുണ്ട്. അതിന്റെ ഭാഗമായി കമ്മീഷൻ ചെയർ പേഴ്സൺ, മെമ്പർമാർ എന്നിവരുടെ നിയമനത്തിനുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനു പുറമെ ഒരു സംസ്ഥാന ബാലാവകാശ നിയമം കൊണ്ടു വരുന്നതിനുള്ള നടപടികളും പുരോഗമിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം ; | നിയമത്തിന്റെ മുന്നിൽ വരുന്ന കുട്ടികളിൽ ശ്രദ്ധയും പരിചരണവും ആവശ്യമുള്ളവർ, നിയമ ലംഘനം നടത്തിയവർ എന്നീ രണ്ട് വിഭാഗങ്ങളാണ് ഉള്ളത്. ഈ രണ്ട് വിഭാഗങ്ങളെയും വേർതിരിച്ചറിയുന്നതിനും രണ്ട് കൂട്ടർക്കും അവരവർക്ക് ആവശ്യമായ നിയമ പരിരക്ഷ നൽകുന്നതിനും ഇപ്പോൾ നൽകി വരുന്ന നിയമസഹായം കൂടുതൽ മെച്ചപ്പെടുത്തുന്ന തിനുമായി ജുവനൈൽ വെൽഫെയർ ഓഫീസർമാരെയും അഭിഭാഷകരെയും പ്രാപ്തരാക്കുന്ന |

| | | |
|---|---|---|
| | | തിനായുള്ള ബോധവൽക്കരണം നൽകുക എന്ന താണ് കേരള ലീഗൽ സർവ്വീസസ് അതോറിറ്റി മുഖേനയുള്ള പരിശീലന പദ്ധതി കൊണ്ട് പ്രധാന മായും ഉദ്ദേശിക്കുന്നത്.<br>പ്രത്യേക മന്ദിരങ്ങളിൽ താമസിക്കുന്ന നിയമസഹായം ആവശ്യമുള്ള കുട്ടികൾക്ക് സൗജന്യമായി നിയമ സഹായം നൽകുക എന്നതാണ് ഗവ: ചിൽഡ്രൻസ് ഹോമുകൾ കേന്ദ്രീകരിച്ച് നടത്തുന്ന പദ്ധതി യുടെ ഉദ്ദേശ്യം. |
| (സി) | ഏതെല്ലാം തരം കുട്ടികൾ ക്കാണ് നിയമ സഹായം നൽകുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ; | 2000-ലെ ജുവനൈൽ ജസ്റ്റിസ് (കെയർ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) ആക്ട് പ്രകാരമുള്ള കുട്ടികൾക്കും നിയമ സഹായം ആവശ്യമുള്ള കുട്ടികൾക്കുമാണ് നിയമ സഹായം നൽകുന്നത്. |
| (ഡി) | എവിടെയെല്ലാമാണ് ഈ പദ്ധതി നടപ്പാക്കി വരുന്നത് ? | ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി മുഖേന കട്ടികൾക്ക് നിയമസഹായം നൽകന്ന പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കിയിട്ടുണ്ട്. അതിനായി അഭിഭാഷകരുടെ പ്രത്യേക പാനലു കളും രൂപീകരിച്ചിട്ടുണ്ട്. ഇപ്രകാരം അഭിഭാഷ കരുടെ പാനൽ മുഖേന കട്ടികൾക്ക് നിയമ സഹായം നൽകന്ന പദ്ധതി എല്ലാ ജില്ലകളിലും നടപ്പാക്കിയിട്ടുണ്ട്. |

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ.**